## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **260** — **09.06.2014**-ലെ മറുപടിക്ക്

### ഫിഷറീസ് ഓഫീസ് പരിശോധന

| ചോദ്യം | മറുപടി. |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>" തോമസ് ചാണ്ടി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ദേശീയ ജലപാതയുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകാനുള്ള നഷ്ട പരിഹാരത്തുക വിതരണം ചെയ്ത എറണാകുളത്തെ ഫിഷറീസ് ഓഫീസിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തി എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ; | എ) 2014 മെയ് 21-ാം തീയതി നടത്തിയ പ്രസ്തുത വിജിലൻസ് മിന്നൽ പരിശോധനയുടെ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി പൂർത്തിയായിട്ടില്ല. റിപ്പോർട്ട് പൂർത്തിയായ ശേഷമേ ക്രമക്കേടുകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കുകയുള്ളൂ. |
| ബി) കോട്ടപ്പുറം മുതൽ അരൂർ വരെ ഭാഗങ്ങളിൽ നിന്ന് ചീനവല , ഊന്നിവല എന്നിവ മാറ്റിയപ്പോൾ അർഹരായ കർഷകർക്ക് ലഭിയ്ക്കേണ്ട ആനുകൂല്യം ഇല്ലാത്ത സൊസൈറ്റിയുടെ പേരിൽ തട്ടിയെടുത്തവരിൽ നിന്ന് ഈടാക്കാനും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരുന്നതിനും ആവശ്യമായ നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിക്കുമോ? | ബി) ഇതു സംബന്ധിച്ച പരാതി ലഭിച്ചാൽ ആയതിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ